(എഫ്) സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്ന പട്ടികജാതി വിഭാഗത്തിന് വകുപ്പുമുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അവരെ മനസിലാക്കാനും അപേക്ഷ ക്ഷണിക്കുന്ന അവസരങ്ങളിൽ യഥാസമയം അക്കാര്യം ഗുണഭോക്താക്കളിൽ എത്തിച്ച് ആനുകൂല്യം അർഹരായവർക്ക് ലഭ്യമാക്കുന്നതിനും പ്രൊമോട്ടർമാരുടെ സേവനഫലമായി കഴിഞ്ഞിട്ടുണ്ട്. കൂടാതെ 12-11-2002-ലെ സ.ഉ.(സാ) നം. 740/02/ പജ.പവ.വിവ-യിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിധമുള്ള വിവിധ മേഖലയിലുള്ള പ്രവർത്തനങ്ങളുടെയെല്ലാം ഗുണഫലങ്ങൾ പട്ടിക ജാതിക്കാർക്ക് ലഭിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ അവിവാഹിതരായ ആദിവാസി അമ്മമാർ

149 [1954] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. വി. ഡി. സതീശൻ:

" തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആദിവാസി സ്ത്രീകളുടെയിടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) അവിവാഹിതകളായ ആദിവാസി അമ്മമാർക്ക് അവരുടെ കുട്ടികളെ വളർത്താൻ കഴിവില്ലാത്തതിനാൽ ആ ജില്ലയിൽ അമ്മത്തൊട്ടിൽ ആരംഭിക്കുമോ;

(സി അവിവാഹിതകളായ ആദിവാസി അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ഇവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

ആദിവാസികൾക്കായുള്ള നിലംപുരിലെ ആശ്രമം സ്കൂൾ

150 [1956] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്കായി നിലംപുരിൽ നിർമ്മിച്ച ആശ്രമം സ്കൂൾ കെട്ടിടം ഇപ്പോൾ പ്രവർത്തനയോഗ്യമാണോ;

(ബി) പ്രസ്തുത സ്കൂൾ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കെട്ടിടത്തിന്റെ പണി എന്നു പൂർത്തിയാകുമെന്നും എന്നേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ എവിടെയാണ് ആശ്രമം സ്കൂൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രവർത്തനയോഗ്യമായിട്ടില്ല.

(ബി) ഇല്ല. ഈ പുതിയ കെട്ടിടത്തിൽ ഹോസ്റ്റൽ ബ്ലോക്ക്, കിച്ചൻ ബ്ലോക്ക് ടോയ്ലറ്റ് എന്നിവയുടെ പണി പൂർത്തിയായിട്ടില്ല.

(സി) പണി നടന്നുകൊണ്ടിരിക്കുകയാണ്. കാലതാമസം കൂടാതെ ഈ കെട്ടിടത്തിലേക്ക് സ്കൂൾ മാറ്റാൻ കഴിയും.

(ഡി) ഇപ്പോൾ ആശ്രമം സ്കൂൾ പ്രവർത്തിക്കുന്നത് മഞ്ചേരി കലവനങ്ങാടുള്ള പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പോസ്റ്റുമെട്രിക് ഹോസ്റ്റലിന്റെ കെട്ടിടത്തിലാണ്.

പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് ചികിത്സാ ദുരിതാശ്വാസം

151 [1959] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക സമുദായത്തിൽപ്പെട്ട എത്രപേർക്ക് ചികിൽസാ ദുരിതാശ്വാസം അനുവദിച്ചു; ഇത് ആകെ എത്ര രൂപയാണെന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം വിശദമാക്കാമോ;

(ബി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എത്രപേർക്കാണ് പട്ടിക സമുദായക്ഷേമവകുപ്പുവഴി ചികിത്സാദുരിതാശ്വാസം അനുവദിച്ചത് എന്നും എത്ര രൂപ വീതമാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചു വരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 3675 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ജില്ല	*ഗുണഭോക്താക്കൾ*	*രൂപ*
തിരുവനന്തപുരം	. . 555	38,63,839
കൊല്ലം	. . 133	10,13,322
പത്തനംതിട്ട	. . 202	7,80,7000

LIBRARY ARCHIVES Kerala Legislative Assembly